പതിനാലാം കേരള നിയമസഭ

22-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 252 12.01.2021 -ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി

ചോദ്യം

ഡോ.എം.കെ . മുനീർ

മറുപടി

കെ.കെ. ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുഴുവൻ ആളുകളുടെയും ആരോഗ്യ വിവരങ്ങൾ ഡിജിറ്റലാക്കാനുള്ള ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായുള്ള വിവരശേഖരണം നഗരങ്ങളിൽ മുടങ്ങിയിട്ടുണ്ടോ; | (എ) | ആദ്യഘട്ടമെന്ന നിലയിൽ നഗരേതര പ്രദേശങ്ങളിലെ വിവരശേഖരണമാണ് ഇപ്പോൾ നടന്നു വരുന്നത്. നഗര പ്രദേശങ്ങളിലെ വിവരശേഖരണത്തിന് NHM മുഖേന ആരോഗ്യ പ്രവർത്തകർക്ക് ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | നഗരപ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരുടെ അഭാവം മൂലമാണ് വിവരശേഖരണം മുടങ്ങിയതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. നഗര പ്രദേശങ്ങിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരുണ്ട്. അവർക്ക് പുറമേ ദേശീയ ആരോഗ്യ ദൗത്യം ( NHM ) കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. |
| (സി) | സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ടാബ്‌ലെറ്റ് കംപ്യൂട്ടറുകൾ നൽകാതിരുന്നത് വിവരശേഖരണത്തെ ബാധിച്ചിട്ടില്ലേ; | (സി) | നഗര പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന്റേയും മുനിസിപ്പൽ വകുപ്പിന്റെയും ദേശീയ ആരോഗ്യമിഷന്റെയും ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരം, താൽക്കാലികം എന്നീ വേർതിരിവില്ലാതെ തന്നെ ടാബ്ലെറ്റ് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനം ഉണ്ട്. |
| (ഡി) | താത്ക്കാലിക ജീവനക്കാർക്ക് പെൻ നമ്പർ ഇല്ലാത്തതിനാൽ ടാബ് കംപ്യൂട്ടറുകൾ നൽകാതിരുന്നതുമൂലം വിവരശേഖരണം മുടങ്ങിയത് ഇ-ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പിന് തിരിച്ചടി ആയില്ലേ; | (ഡി) | താൽക്കാലിക ജീവനക്കാർക്ക് Temporary PEN നമ്പർ നൽകി അടിസ്ഥാന വിവരശേഖരണത്തിന് ഇ-ഹെൽത്ത് മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ഇ) | "(a)ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായുള്ള വിവരശേഖരണം ഇപ്പോൾ ഏതു | (ഇ) | വിവരശേഖരണത്തിന്റെ ഭാഗമായി ആധാർ അടിസ്ഥാന രേഖയാക്കി |

| | | | |
|---|---|---|---|
| | ഘട്ടത്തിലാണ്;(b) ഇപ്പോൾ എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചു; (c) ഇനി എന്തെല്ലാം വിവരങ്ങൾ ശേഖരിക്കാൻ അവശേഷിക്കുന്നു; (d) ഇപ്പോൾ എത്ര ആളുകളുടെ വിവരങ്ങൾ ശേഖരിച്ചു എന്ന് വ്യക്തമാക്കുമോ;"; | | വ്യതിരിക്ത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 2.59 കോടി ജനങ്ങളുടെ എന്റോൾമെന്റ് പൂർത്തിയായിട്ടുണ്ട്. മെമ്പർ സർവ്വേ, ഹൗസ് സർവ്വേ, വില്ലേജ് സർവ്വേ എന്നിവ പുരോഗമിച്ചു വരുന്നു. |
| (എഫ്) | നഗരപ്രദേശങ്ങളിൽ പി.പി.യൂണിറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള വാർഡുകളിൽ അല്ലാതെയുള്ള വാർഡുകളിൽ വിവര ശേഖരണം നടത്തുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചി ട്ടുള്ളത്? | (എഫ്) | സ്ഥിരം ജീവനക്കാർ ഇല്ലാത്ത സ്ഥലങ്ങളിൽ NHM മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ആരോഗ്യ പ്രവർത്തകർക്ക് താൽക്കാലിക PEN നമ്പർ നൽകി സർവ്വേ നടത്തുന്നതിന് ഇ ഹെൽത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**